**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 959** **30-06-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി നിയോജകമണ്ഡലത്തിലെ വന്യമൃഗങ്ങളുടെ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടി പ്രദേശത്ത് വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | **മഞ്ചേരി നിയോജക മണ്ഡലം ഈസ്റ്റേൺ സർക്കിളിന്റെ കീഴിലുള്ള നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശമാണ്. മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടി പ്രദേശത്ത് വന്യമൃഗ ശല്യം ഉണ്ടാകാറുണ്ട്. ഈ ഭാഗത്ത് കാളികാവ് റെയിഞ്ചിലെ കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് പെട്രോളിംഗ് നിരന്തരമായി നടത്താറുണ്ട്. കൂടാതെ രണ്ട് സ്റ്റാഫുകൾ അടങ്ങുന്ന ടീമിന്റെ സാന്നിദ്ധ്യം സ്ഥിരമായി ടി ഭാഗത്ത് ഉണ്ടാകുന്നതിന് ബന്ധപ്പെട്ട സ്റ്റാഫുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാളികാവ് റെയിഞ്ചിന്റെ കീഴിൽ അമരമ്പലം കേന്ദ്രീകരിച്ച് താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം ഉണ്ടാകുന്ന ഭാഗങ്ങളിൽ ടി താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തി ഒരു പരിധിവരെ വന്യമൃഗശല്യം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.** |
| (ബി) | കീഴാറ്റൂർ പഞ്ചായത്തിലെ മുള്ളിയാകുറിശ്ശി പ്രദേശത്ത് പുലി, പന്നി ഉൾപ്പടെയുള്ള വന്യമൃഗങ്ങൾ കൃഷി അടക്കമുള്ളവ നശിപ്പിക്കുന്നു എന്ന പരാതിയിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | **കാളികാവ് റെയിഞ്ചിലെ കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷനിലെ മുള്ള്യാകുറിശ്ശി പ്രദേശത്ത് പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് അറിഞ്ഞതിനെ തുടർന്ന് ടി സ്ഥലത്ത് സ്റ്റാഫുകൾ പരിശോധന നടത്തിയെങ്കിലും തുടർന്ന് പുലിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ലാത്തതാണ്. സ്റ്റേഷൻ സ്റ്റാഫ് സ്ഥലം പരിശോധിച്ച് പുലിക്കൂട് സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 159/2020/വനം തീയതി 29.05.2021 പ്രകാരം കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട് നിലമ്പൂർ സൗത്ത് ഡിവിഷനിൽ രൂപീകരിച്ച പാനലിൽ ഉൾപ്പെടുത്തിയവർ എടപ്പറ്റയിൽ ഒരു കാട്ടുപന്നിയെയും സമീപ പ്രദേശങ്ങളായ പുൽവെട്ട, പുളിയക്കോട് എന്നിവിടങ്ങളിലായി** |

| | | | |
|---|---|---|---|
| | | | **നാലുകാട്ടുപന്നികളേയും വെടിവെച്ച് കൊന്നിട്ടുള്ളതാണ്.** |
| (സി) | വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്നും ഈ പ്രദേശങ്ങളെയും ജനങ്ങളെയും രക്ഷിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | വന്യമൃഗശല്യം ഉണ്ടാകുന്ന ഭാഗത്ത് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് പെട്രോളിംഗ് നിരന്തരമായി നടത്താറുണ്ട്. കൂടാതെ രണ്ട് സ്റ്റാഫുകൾ അടങ്ങുന്ന ടീമിന്റെ സാന്നിദ്ധ്യം വന്യമൃഗശല്യം ഉണ്ടാകുന്ന ഭാഗങ്ങളിൽ സ്ഥിരമായി ഉണ്ടാകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കാളികാവ് റെയിഞ്ചിന്റെ കീഴിൽ അമരമ്പലം കേന്ദ്രീകരിച്ച് താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം ഉണ്ടാകുന്ന ഭാഗങ്ങളിൽ ടി താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തി ഒരു പരിധിവരെ വന്യമൃഗശല്യം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകിക്കൊണ്ട് 28.05.2022 തീയതിയിലെ സ.ഉ. (കൈ) നം. 29/2022/വനം, 31.05.2022 തീയതിയിലെ സ.ഉ. (സാധാ) നം. 239/2022/വനം എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമിതരായ ഓണററി വൈൽഡ് ലൈഫ് വാർഡന്മാർ, അധികാരപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ 1972-ല വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 11 (1) (ബി) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 5 (2) പ്രകാരം ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 31.05.2022-ലെ കെ.എഫ്.ഡി.എച്ച്.ക്യൂ/3331/21-സി.ഡബ്ലിയു.ഡബ്ലിയു/ഡബ്ലിയു.എൽ.11 നമ്പർ നടപടി ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ